**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2602** **06-10-2025 - ൽ മറുപടിയ്ക്ക്**

**ലോട്ടറി വകുപ്പ് ഡയറക്ടറുടെ ഡിജിറ്റൽ ഒപ്പ് അനധികൃതമായി ഉപയോഗിച്ചതിന്മേലുള്ള അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലോട്ടറി വകുപ്പ് ഡയറക്ടറേറ്റിലെ ഒരു ജീവനക്കാരൻ നിയമവിരുദ്ധമായി ഡയറക്ടറുടെ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് അനധികൃതമായി ജീവനക്കാരുടെ ഇൻക്രിമെന്റ് പാസാക്കുക, ലീവ് അനുവദിക്കുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഭാഗ്യക്കുറി വകുപ്പിൽ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. സംഗീത് കെ., ഫയൽ നടപടിക്രമം പാലിക്കാതെ നടപടിത്തീർപ്പുകൾ വ്യാജമായി തയ്യാറാക്കുക, വ്യാജ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുക, ട്രഷറി ചെലാനിൽ തിരുത്തലുകൾ വരുത്തുക, ഡയറക്ടറുടെ ഡിജിറ്റൽ സിഗ്നേച്ചർ വ്യാജമായി തയ്യാറാക്കുക തുടങ്ങിയ കുറ്റങ്ങൾ ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്ത് ടിയാനെതിരെ അച്ചടക്കനടപടി ആരംഭിച്ചിട്ടുണ്ട്. കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | സമ്മാനാർഹമായ ലോട്ടറിയുടെ കൈപ്പറ്റാത്ത സമ്മാനത്തുകകൾ ഇത്തരത്തിൽ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാമെതിരെയാണ് അന്വേഷണം നടക്കുന്നതെന്നും അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ; | (ബി) | സമ്മാനാർഹമായ ലോട്ടറിയുടെ കൈപറ്റാത്ത സമ്മാനത്തുകകൾ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ആയതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട് വകുപ്പിൽ അന്വേഷണം നടത്തിയിട്ടില്ല. |
| (സി) | ഇത്തരത്തിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | സമ്മാനാർഹമായ ലോട്ടറിയുടെ കൈപറ്റാത്ത സമ്മാനത്തുകകൾ ഡിജിറ്റൽ ഒപ്പ് ഉപയോഗിച്ച് തട്ടിപ്പ് നടത്തിയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. ആയതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട് വകുപ്പിൽ അന്വേഷണം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ